

ശ്രീ രാം ചന്ദ്ര മിഷൻ®

ECHOES
ഇന്ത്യ
വാർത്താപത്രിക

## മാസ്റ്ററെക്കുറിച്ചുള്ള വാർത്തകൾ





### വടക്കേ അമേരിക്കൻ പര്യടനം

മെയ് ഇരുപത്തിയാറാം തീയ്യതി ഉച്ചകഴിഞ്ഞ് കമലേഷ്ഭായ് ഡെന്മാർക്കിൽനിന്നും ന്യൂയോർക്കിലെ ജെഎഫ്കെ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിച്ചേർന്നു. ഒരുമാസത്തിലധികം നീണ്ടുനിന്ന അദ്ദേഹത്തിന്റെ വടക്കേ അമേരിക്കൻ സന്ദർശനം സഹജമാർഗ്ഗത്തിനെ ഈ മേഖലയിൽ പുതിയൊരു തലത്തിലെത്തിച്ചു. അദ്ദേഹം മൺറോ(ന്യൂ ജെർസി), ടൊറൊൺേറാ(കാനഡ), ഡിട്രൊയ്റ്റ്(മിഷിഗൻ), ബീവർക്രീക്ക്(ഡേയ്ട്ടൺ), ഫ്രീമൊണ്ട്(കാലിഫോർണിയ), ഓസ്റ്റിൻ(ടെക്സസ്സ്), സ്പർസ് റിട്രീറ്റ്, മൊലീന(ജോർജിയ), റിച്മണ്ട്(വിർജീനിയ), സ്റ്റേറ്റൻ ഐലൻറ്(ന്യൂയോർക്ക്) എന്നിവിടങ്ങളിലെ ആശ്രമങ്ങളും സെൻററുകളും സന്ദർശിച്ചു. പര്യടനത്തിലുടനീളം കമലേഷ്ഭായ് തിരക്കിലായിരുന്നു. അഭ്യാസികളെ കാണുന്നതിലും സത്സംഗങ്ങൾ, 'ഹൃദയനിർഭരം' പരിപാടികൾ എന്നിവ നടത്തുന്നതിലും, 'ഹൃദയനിർഭരം' എന്ന പുതിയ പദ്ധതിയെക്കുറിച്ചും ആത്മീയതയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളെക്കുറിച്ചും അഭ്യാസികൾക്കുള്ള സംശയം ദൂരീകരിക്കുന്നതിലും വ്യാപൃതനായിരുന്നു അദ്ദേഹം. റിലാക്സേഷൻ ടെക്ക്നികിലൂടെ സഹജമാർഗ്ഗത്തെയെങ്ങനെ ലോകത്തിന് പകർന്നുകൊടുക്കുവാൻ സാധിക്കുമെന്നതിനെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് അദ്ദേഹം, പ്രായം കുറഞ്ഞവരുടെയും മുതിർന്നവരുടെയും കുട്ടികളുടെയും യുവാക്കളുടെയും ഒപ്പം ഒരുപോലെ സമയം ചെലവഴിച്ചു. ആത്മീയതയെപ്പറ്റിയും, സാധനയുടെ പ്രാധാന്യത്തെക്കുറിച്ചുമുള്ള ചില ഗഹനമായ ചിന്തകൾ അദ്ദേഹം പങ്കുവെച്ചു. അദ്ദേഹവുമൊത്ത് ചെലവഴിച്ച ഓരോ നിമിഷവും ഈ പ്രദേശങ്ങളിലെ അഭ്യാസികൾക്ക് ഒരിക്കലും മറക്കാനാകാത്ത ഹൃദയസ്പർശിയായ അനുഭവമായിരുന്നു.

ഈ പര്യടനത്തിനിടയിൽ അദ്ദേഹം നടത്തിയ ഭാഷണങ്ങൾ, അനൗപചാരിക പരിപാടികൾ എന്നിവയിൽ നിന്നുള്ള ചില ചിന്തകൾ താഴെ കൊടുക്കുന്നു. ഈ സന്ദർശനത്തിന്റെ വിശദവിവരറിപ്പോർട്ട് അഭ്യാസികൾക്കായി മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- സംവേദനക്ഷമത (സെൻസിറ്റിവിറ്റി) പുരോഗതിയുടെ അടിസ്ഥാനഘടകമാണ്. സംവേദനക്ഷമതയില്ലാതെ ഒരാൾക്ക് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു.
- ആളുകളെ വിശ്വസിക്കുകയെന്നത് വിവേകപൂർണ്ണമായ കാര്യമാണ്. ചിലപ്പോൾ അത് മുതലെടുക്കപ്പെടാമെങ്കിലും ആൾക്കാരെ വിശ്വാസത്തിലെടുക്കുന്ന ഒരാൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ അതിന്റെ പ്രയോജനം ലഭിക്കുന്നതായിരിക്കും.







- പ്രകാശലോകം എവിടെയാണ് എന്ന് ഒരു അഭ്യാസി ചോദിച്ചപ്പോൾ കമലേഷ് ഭായ് ഹൃദയത്തെ ചൂണ്ടികാണിച്ചുകൊണ്ട്, “ഇത് ഇവിടെ, നമ്മുടെ ഹൃദയത്തിൽ തന്നെയാണ്” എന്ന് പറഞ്ഞു. “ഇത് ഇവിടെ, ഇപ്പോൾ തന്നെയാണ്. നാമിപ്പോൾ പ്രകാശലോകത്തില്ലെങ്കിൽ, പിന്നീടൊരിക്കലും, നമ്മുടെ ഭൗതികശരീരം ത്യജിച്ചതിനുശേഷവും അവിടെയെത്താൻ പോകുന്നില്ല”.
- ഹൃദയനിർഭരം എന്ന പരിപാടിയെക്കുറിച്ച് വിശദീകരിക്കവെ അതൊരു പുതിയ സംഭവമല്ല എന്നദ്ദേഹം പറഞ്ഞു. “ഒരുപക്ഷെ ഈശ്വരൻെറ പരമമായ ഹൃദയനിർഭരതയാവും ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്”. ഹൃദയനിർഭരതയും സഹജമാർഗ്ഗവും പര്യായങ്ങളാണ്, ഇതെല്ലാം തന്നെ ലാളിത്യത്തിനേയും നിർമ്മലതയേയും കുറിച്ചാണ്.
- മറ്റുള്ളവരെ ബഹുമാനിച്ചുകൊണ്ട്, ഈ ഹൃദയനിർഭരത, നമ്മുടെ ജീവിതത്തിൽ പരിശീലിക്കണമെന്ന് കമലേഷ് ഭായ് ഊന്നിപ്പറഞ്ഞു. സ്വന്തം തെറ്റുക്കൾ അവഗണിക്കുന്ന നാം മറ്റുള്ളവരുടെ തെറ്റുകളോട് ക്ഷമിക്കാറില്ല. എല്ലാവരോടും ഹൃദയത്തെ ശ്രദ്ധിക്കുവാൻ പ്രേരിപ്പിച്ച അദ്ദേഹം, അകമേ പരിപൂർണ്ണ സ്വച്ഛതയും, കൂടാതെ ആപത്ഘട്ടങ്ങളിൽപ്പോലും ഹൃദയത്തെ അനുസരിക്കുവാനുള്ള ധൈര്യം കൈവരിക്കണമെന്നും പറഞ്ഞു.
- പ്രണയം, പ്രണയിതാവ് പിന്നെ പ്രണയഭാജനം എന്നീ ത്രയങ്ങൾക്കൊരു പ്രത്യേക ഭംഗിയുണ്ട്. എൻെറ പ്രണയഭാജനത്തിൽ, എന്നിലെ ഒന്നും തന്നെ അവശേഷിക്കാതെ, ഞാൻ മുഴുവനായും അലിഞ്ഞ് ചേരാതെ, ഒരു ആത്മീയതയും സാദ്ധ്യമല്ല. ലയനം ഒന്നിൻേറയും അവസാനമല്ല, അത് പരിപൂർണ്ണമായ ആത്മീയ സ്ഥിതിയുടെ തുടക്കം മാത്രമാണ്.

## ഭാരതപര്യടനം

### ബാംഗ്ലൂർ

ജൂലായ് 26-ന ഞായറാഴ്ച്ച, ഉച്ചതിരിഞ്ഞ് കമലേഷ് ഭായ് ചെന്നൈയിൽ നിന്നും ബാംഗ്ലൂരിലേക്ക് പുറപ്പെട്ടു. ഹൊസൂരിൽ എകദേശം 6.30 മണിക്ക് എത്തിച്ചേർന്ന അദ്ദേഹം ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തി. പിന്നീട് വൈകീട്ട് അദ്ദേഹം ബാംഗ്ലൂരിൽ എത്തിച്ചേർന്നു. 27-നും 28-നും കമലേഷ് ഭായ് സിറ്റിംഗുകളിലും, പ്രായമായ അഭ്യാസികളേയും കുട്ടികളേയും കാണുന്നതിലും പുതിയ പ്രിസപ്റ്റർമാരെ തയ്യാറാക്കുന്നതിലും വ്യാപൃതനായിരുന്നു. ഹൃദയനിർഭരം പരിപാടിയെക്കുറിച്ച് കുറെ അനൗപചാരിക ചർച്ചകളും ഉണ്ടായിരുന്നു. 29-ന അതിരാവിലെ തന്നെ തയ്യാറായ കമലേഷ് ഭായ് നിരവധി അഭ്യാസികളുമായി കൂടികാഴ്ച നടത്തി. പ്രാതലിനിരിക്കുമ്പോൾ, സഹജമാർഗ്ഗം എല്ലാവരും പരസ്പരം ഐക്യത്തോടും വിശ്വസ്യതയോടും കൂടി സജീവമായി പങ്കെടുക്കുന്ന ഒരു വലിയ ആത്മീയ പ്രസ്ഥാനമാകണമെന്ന് അദ്ദേഹം പറഞ്ഞു. എകദേശം 7.30-യോടെ അദ്ദേഹം സോണൽ ആശ്രമത്തിലേക്ക് പുറപ്പെട്ടു.

ആയിരക്കണക്കിന് അഭ്യാസികൾ സോണൽ ആശ്രമത്തിൽ അദ്ദേഹത്തിൻെറ ആഗമനത്തിനായി നിശബ്ദരായി കാത്തിരുന്നു. 9 മണിക്ക് അദ്ദേഹം സത്സംഗം നടത്തി, തുടർന്ന് സംസാരിച്ച അദ്ദേഹം ഗുരുവര്യന്മാർ പ്രദാനം ചെയ്യുന്ന അവസ്ഥ എങ്ങിനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ച് പറഞ്ഞു. “..നാം മറ്റുള്ളവരെ നോക്കുമ്പോഴും, സേവിക്കുമ്പോഴും, ശ്രദ്ധിക്കുമ്പോഴും, ഈ അവസ്ഥ അവരുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ, അതങ്ങനെ പുറത്തേക്ക് പ്രവഹിക്കട്ടെ. അത് അവരെ, അവരുടെ ഹൃദയങ്ങളെ സ്പർശിക്കുമാറാകട്ടെ. അങ്ങിനെ എന്തെല്ലാം തന്നെ നമ്മിൽ പ്രബോധിപ്പിച്ചിട്ടുണ്ടോ, ആ അവസ്ഥ ഇത്തരം പരിവർത്തനാത്മകമായ പ്രവർത്തികൾ മൂലം വിപുലീകരിക്കപ്പെടട്ടെ.” വൈകീട്ട് 5 മണിക്ക് കമലേഷ് ഭായ് വീണ്ടുമൊരു സത്സംഗം നടത്തി. പിന്നീടദ്ദേഹം എല്ലാവരേയും ഈ മഹത്തായ ആത്മീയ പ്രസ്ഥാനത്തിൽ പങ്കുചേരുവാനായി ക്ഷണിക്കുന്നുവെന്ന് പറഞ്ഞു കൊണ്ടൊരു പ്രഭാഷണം നടത്തി.

### ആന്ധ്രപ്രദേശ് യാത്ര

കമലേഷ് ഭായ് തൻെറ ആന്ധ്രപ്രദേശ് സന്ദർശനം ജൂലായ് 30-ന ആരംഭിച്ചു. കാലത്ത് എകദേശം 7.30-യൊടെ അദ്ദേഹം അനന്തപൂരിലേക്ക് പുറപ്പെട്ടു. “അനന്തപൂർ” എന്ന നാമത്തെ സൂചിപ്പിച്ചുകൊണ്ടദ്ദേഹം ഇങ്ങനെ പറഞ്ഞു, “അനന്തതയിലേക്കുള്ള യാത്ര ആരംഭിച്ചിരിക്കുകയാണ് – അനന്തയാത്ര”. തൻെറ സംഭാഷണങ്ങളിൽ അദ്ദേഹം ഗുരുപൂർണ്ണിമ നമ്മെ തന്നെ ഗുരുവിൻെറ സ്മരണയിൽ ദഹിപ്പിക്കേണ്ട സമയമാണെന്ന് പറഞ്ഞുകൊണ്ടതിൻെറ പ്രാധാന്യത്തെ എടുത്തുകാട്ടി. ഹൃദയനിർഭരം എന്ന പരിപാടി സഹജമാർഗ്ഗത്തിലേക്കുള്ള സമീപനമാണെന്നും, സഹജമാർഗ്ഗം









നാം പിന്തുടരുന്ന മാർഗ്ഗമാണെന്നും ശ്രീ രാംചന്ദ്ര മിഷൻ ഒരു സ്ഥാപനമാണെന്നും അദ്ദേഹം പറഞ്ഞു.

പ്രായമായവരെ സ്നേഹിക്കുന്നതിൻേറയും സഹായിക്കുന്നതിൻേറയും പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറയുകയും അവരുടെകൂടെ അധികസമയം ചിലവഴിച്ച് അവരുടെ അനുഭവങ്ങളിൽ നിന്നും പഠിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിനെ 'അനന്തസേവ' എന്നു വിളിച്ച്, സഹജമാർഗം സേവനത്തിനായി അറിയപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചു.

ജൂലായ് 31, വെള്ളിയാഴ്ച ഗുരുപൂർണ്ണിമയായിരുന്നു. സത്സംഗത്തിനു ശേഷം അദ്ദേഹം ആത്മീയ യാത്രയെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുകയും അതിൽ 'ലഘുവായി സഞ്ചരിക്കുന്ന'തിൻെറ ആവശ്യകതയക്ക് ഊന്നൽ കൊടുക്കുകയും ചെയ്തു. ലയനം സുഗമമാക്കുവാൻ നാം കൂടുതൽ ധ്യാനിക്കുവാനും അദ്ദേഹം നിർദ്ദേശിച്ചു. നന്ദ്യാലിലേയ്ക്കു പോകുന്ന വഴിയിൽ, കമലേഷ് ഭായ് **തടിപത്രി**-യിലുള്ള ആശ്രമം സന്ദർശിക്കുകയും അവിടെ പ്രാദേശിക ഭാഷയിൽ ഹൃദയനിർഭരം പരിപാടിയുടെ യോഗത്തിനു ശേഷം സത്സംഗം നടത്തുകയും ചെയ്തു. ഉച്ചതിരിഞ്ഞ് രണ്ട് മണിയോടെ മാസ്റ്റർ **നന്ദ്യാലിൽ** എത്തി. ഉച്ചഭക്ഷണത്തിൻെറ സമയം കഴിഞ്ഞെങ്കിലും, ആർക്കും ക്ഷീണവും വിശപ്പും ഇല്ലെങ്കിൽ, സത്സംഗത്തിനു ഇരിക്കുവാനായി മാസ്റ്റർ ആവശ്യപ്പെട്ടു. 'ഇത് ഹ്രസ്വമായ സത്സംഗം ആവും.' എന്ന് അദ്ദേഹം നർമ്മത്തോടെ ഉറപ്പുകൊടുത്തു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഒരു അഭ്യാസി കമലേഷ് ഭായിയോട് മഴ ഉണ്ടാവുന്നതിനായി എന്തെങ്കിലും



ചെയ്യുവാൻ അപേക്ഷിച്ചു. 'ഞാൻ ഇതേ കാര്യത്തിനായി നമ്മുടെ ഗുരുക്കന്മാർക്ക് പ്രാർത്ഥന സമർപിച്ചിട്ടുണ്ട്' എന്നദ്ദേഹം മറുപടി പറഞ്ഞു. തദ്ദേശ അഭ്യാസികളെ വിസ്മയപ്പെടുത്തിക്കൊണ്ട് അന്ന് വൈകുന്നേരം കനത്ത മഴ പെയ്തു.

പിന്നീട് അദ്ദേഹം എത്തിയത് **നന്ദികൊട്കൂർ** ആശ്രമത്തിൽ ആയിരുന്നു. നട്ടുച്ചയ്ക്ക് അവിടെ സത്സംഗം നടത്തിയതിനു ശേഷം അദ്ദേഹം കർണൂലിലേയ്ക്ക് പോയി. എപ്പോഴൊക്കെ നട്ടുച്ചയ്ക്ക് സത്സംഗം ഉണ്ടായിട്ടുണ്ടോ അവയെല്ലാം വളരെ തീവ്രവും ആഴമേറിയതും ആവുമെന്ന തൻെറ അവലോകനം കാറിലിരിക്കുമ്പോൾ അദ്ദേഹം പങ്കുവച്ചു. **കർണൂലിൽ**, അദ്ദേഹം സഹജമാർഗ പ്രസ്ഥാനത്തെക്കുറിച്ചും പ്രായമായവർക്കായുള്ള അനന്തസേവയെക്കുറിച്ചും സംസാരിച്ചു. അഭ്യാസികൾക്ക് നടന്ന് പോകാൻ തക്ക ദൂരത്തിൽ കൂടുതൽ ധ്യാനകേന്ദ്രങ്ങളുണ്ടായാൽ ധാരാളം ആളുകൾക്ക് സത്സംഗത്തിൽ പങ്കെടുക്കുവാനാവും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനുവേണ്ടി കർണൂൽ സെൻററിൽ വികേന്ദ്രീകരണം നടത്തുന്നത് ബുദ്ധിപരമായിരിക്കും എന്നൊരു നിർദ്ദേശവും അദ്ദേഹം നൽകി.

ആഗസ്റ്റ് 2, ഞായറാഴ്ച, സത്സംഗത്തിനു ശേഷം കമലേഷ് ഭായ് ഒരു പ്രഭാഷണം നടത്തി; നമുക്കൊരു അവസരം ലഭിച്ചാൽ മറ്റുള്ളവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാനും അവരെ സഹായിക്കുവാനും ഉദ്ബോധിപ്പിച്ചു കൊണ്ടുള്ളതായിരുന്നു അത്. മറ്റുള്ളവരുടെ ദുരിതങ്ങൾക്കു സാക്ഷിയാവുകയാണെങ്കിൽ നാം അവർക്കു വേണ്ടി പ്രാർത്ഥിക്കുകയെങ്കിലും ചെയ്യണം. എല്ലാ സാഹചര്യങ്ങളിലും നാം വിനയവും, സരളതയും സ്നേഹിക്കുന്ന മനസ്സും വളർത്തിയെടുക്കണം. അത് മാത്രമേ നമ്മെ ഒന്നിച്ചു മുന്നോട്ട് കൊണ്ടുപോവുകയുള്ളൂ.

ഏകദേശം 10 മണിയോടെ മാസ്റ്റർ യെമ്മിഗനൂർക്ക് പോയി. **യെമ്മിഗനൂരിൽ** വൈകീട്ട് 6 മണിയുടെ സത്സംഗത്തിനു ശേഷം, നാം ധ്യാനിക്കുന്നത് മുകളിൽ നിന്നു മാർഗനിർദ്ദേശം ലഭിക്കുവാനാണെന്ന് അദ്ദേഹം പറഞ്ഞു. നാം എന്താണ് മറ്റുള്ള സംഘടനകളെപ്പോലെ സമൂഹത്തിൽ സേവനപ്രവർത്തനങ്ങൾ നൽകാത്തത് എന്ന് ആരോ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു, "ഞാൻ യോജിക്കുന്നു. നിങ്ങൾക്ക് സമയവും പൈസയും ഉണ്ടെങ്കിൽ അതുമായി മുന്നോട്ട് പോകൂ."

ജനങ്ങൾക്ക് സഹജമാർഗം മതത്തിനെതിരാണെന്ന തെറ്റായ ധാരണയുണ്ടെന്നു മാസ്റ്റർ പറഞ്ഞു. വാസ്തവത്തിൽ സഹജമാർഗം മതത്തിൻെറ സത്തയാണു എടുക്കുന്നത്. അദ്ദേഹം ഒരു ചോദ്യം ഉന്നയിച്ചു, "മതത്തിൻെറ സത്ത എന്താണ്? ആദ്യം, ഈശ്വരൻ എല്ലായിടത്തും ഉണ്ട്, രണ്ടാമത്തേത്, മതത്തിൻെറ അടിസ്ഥാനം സ്നേഹമാണ് നാം ചെയ്യുന്നതും അതാണ്."

ഭഗവദ് ഗീതയിലെ 12–ാം അദ്ധ്യായത്തിൽ ഭഗവാൻ കൃഷ്ണൻ,

ശ്രീ രാം ചന്ദ്ര മിഷൻ®

എക്കോസ് ഇന്ത്യ വാർത്താപത്രിക





നാം എല്ലാ പ്രവർത്തികളും ദൈവീക സ്മരണയിൽ ചെയ്യുവാൻ വിശദീകരിക്കുന്നത് അദ്ദേഹം ഉദാഹരണമായി പറഞ്ഞു. അതാണ് സഹജ മാർഗത്തിലെ നിരന്തരസ്മരണ. ശ്ലോകങ്ങൾ മന:പാഠമാക്കുന്നതിനു പകരം അതിൻെറ സത്ത ജീവിതത്തിലേക്ക് പകർത്തുവാൻ ശ്രമിക്കണം.

ആഗസ്റ്റ് 2–ാം തിയ്യതി കർണൂൽ ആശ്രമത്തിൽ സത്സംഗം നടത്തിയതിനു ശേഷം മാസ്റ്റർ പറഞ്ഞു, ജൂലായിൽ തിരുവള്ളൂരിൽ നടന്ന ഭണ്ഡാര യഥാർത്ഥത്തിൽ ഒരു അനുഗ്രഹമായി പക്ഷെ നിർഭാഗ്യവശാൽ കാലാവസ്ഥ നമ്മോട് സഹകരിച്ചില്ല. എങ്കിൽകൂടി നമ്മുടെ യഥാർത്ഥ സ്വഭാവം മനസ്സിലാവുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്, സാഹചര്യങ്ങൾ അനുകൂലമാവാത്തപ്പോൾ. തൻെറ ഉണങ്ങിയ കിടപ്പുസ്ഥലം ഒരു അമ്മയ്ക്കും കുട്ടിക്കും രാത്രി ഉറങ്ങാൻ കൊടുത്ത ഒരു വൃദ്ധൻെറ ഉദാഹരണം നൽകിക്കൊണ്ട് മാസ്റ്റർ പറഞ്ഞു സേവനം എന്നത് നമുക്കു മുൻപെ മറ്റുള്ളവരെ പറ്റി ചിന്തിക്കുക എന്നതാണ്.

ആഗസ്റ്റ് 3–ാം തിയ്യതി കമലേഷ് ഭായ് യെമ്മിഗനൂരിൽ നിന്ന് 30 കിലോമീറ്റർ അകലെയുള്ള **അദോണി** എന്ന ഒരു കൊച്ചു സൻററിലേക്കു പൊയി. അദ്ദേഹം രാവിലെ 6.30ന് സത്സംഗം നടത്തി. അഭ്യാസികൾ അദ്ദേഹത്തിൻെറ സന്ദർശനത്തിനു ആന്തരികമായി തീരെ തയ്യാറായിരുന്നില്ല എന്നതിനാൽ മാസ്റ്റർക്ക് എന്താണോ നൽകാനുണ്ടായിരുന്നത് അത് സ്വീകരിക്കാനുള്ള ശേഷിയില്ലായ്മ അവരുടെ ആന്തരികനിലയിൽ പ്രതിഫലിപ്പിക്കുകയുണ്ടായി. പ്രഭാത ഭക്ഷണത്തിനു ശേഷം അദ്ദേഹം യെമ്മിഗനൂരിലേക്ക് തിരിക്കുകയും 4 മണിയോടെ ഉത്തര കർണാടകയിലെക്കുള്ള യാത്രയുടെ അടുത്ത ഘട്ടം ആരംഭിക്കുകയും ചെയ്തു.

## ഉത്തര കർണാടക

**റായ്ചൂരിൽ** എത്തിയ ശേഷം മാസ്റ്റർ ഒരു സിറ്റിംഗ് നൽകി. സഹജമാർഗത്തിൽ നമ്മൾ ഇവിടെ എന്താണു ചെയ്യുന്നതെന്ന് തുറന്നുപറയണം. അതിനു നമ്മൾ നാണിക്കേണ്ടതില്ല പ്രത്യേകിച്ചും, തങ്ങളുടെ ഊർജം പല വഴിതിരിച്ചുവിടേണ്ടതായിട്ടുള്ള, യുവാക്കളോടും വിദ്യാർത്ഥികളോടും. സാധനക്ക് കുറുക്കുവഴികളില്ലെന്നു അദ്ദേഹം പറഞ്ഞു. ചില അഭ്യാസികൾ വിചാരിക്കുന്ന പോലെ പ്രിഫെക്റ്റായി പിന്നെ ഇൻ ചാർജ് ആയി അങ്ങനെയുള്ള സ്ഥാനാധിപത്യപരമായ വഴികളൊന്നും പുരോഗതിക്ക് ഇല്ല. സത്യത്തിൽ നമ്മുടെ മിഷനിലെ ചില അഭ്യാസികൾ പ്രിഫെക്റ്റുകളെക്കാളും മേലെയാണ്. ബാബുജി ഒരു പ്രിസെപ്റ്റർ ആയിരുന്നില്ല പക്ഷേ അദ്ദേഹം ആധ്യാത്മികതയുടെ ഏറ്റവും സാധ്യമായ ഉയരത്തിൽ എത്തിച്ചേർന്നു. അഭ്യാസികൾ എല്ലാവരുടെയും നന്മക്ക് വേണ്ടി പ്രവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ കാണാനിടവരുന്ന എല്ലാവർക്കും വിശ്രാന്തിക്കായുള്ള പരിശീലനം നൽകുക. നിങ്ങൾക്ക് അവരെ സഹജമാർഗത്തിലേക്ക് കൊണ്ടുവരണമെന്നുണ്ടെങ്കിൽ നിങ്ങളുടെ അടുത്തുള്ള പ്രിസെപ്റ്ററിനെ കാണുകയും പുതുതായി വരുന്നവർ ആവശ്യമായ വ്യക്തിഗതമായ അല്ലെങ്കിൽ സംഘമായുള്ള സിറ്റിംഗ് എടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. ബാബുജി മഹാരാജ് സമയം വളരെ കുറവാണെന്ന സന്ദേശം അയച്ചുകൊണ്ടിരിക്കുന്നു. എന്നെ സംബന്ധിച്ച് അത് അർത്ഥമാക്കുന്നത് ഈ ഓളം അടങ്ങുന്നതിനു മുൻപ് പദ്ധതി പ്രചരിപ്പിക്കാൻ സമയം വളരെ കുറവാണ് എന്നാണ്. അഭ്യാസികൾ പദ്ധതി പ്രചരിപ്പിക്കുന്നില്ലെങ്കിൽ സോണൽ ഇൻ ചാർജിനോ പ്രിഫെക്റ്റിനോ ഒന്നും തന്നെ ചെയ്യാനാവില്ല. സഹജമാർഗം ജനങ്ങളിൽ പ്രചരിപ്പിക്കുക എന്നതും മാസ്റ്ററുടെ ജോലി ചെയ്യുക എന്നതും ആവണം നമ്മുടെ ഗുരുദക്ഷിണ.





ശ്രീ രാം ചന്ദ്ര മിഷൻ®

എക്കോസ് ഇന്ത്യ വാർത്താപത്രിക





അത്താഴത്തിനു മുൻപ് മാസ്റ്റർ ഹൃദയനിർഭരം സംബന്ധിച്ച കുറച്ചു പുതിയ വീഡിയോകൾ അവലോകനം ചെയ്തു.

ആഗസ്റ്റ് 4–ാം തീയ്യതി രാവിലെ 8.15ന് കമലേഷ് ഭായ് റായ്ച്ചൂരിൽ നിന്നും ഗുൽബർഗയിലേക്ക് പുറപ്പെട്ടു. പോകും വഴിയ്ക്കു ഷോരാപ്പൂരിൽ യാത്ര നിർത്തി അദ്ദേഹം അവിടെ സത്സംഗം നടത്തി. ഗുൽബർഗയിൽ കുട്ടികളെ കാണാനും പുതിയതും പഴയതുമായ എല്ലാ അഭ്യാസികളേയും കണ്ടുമുട്ടാനും കഴിഞ്ഞതിൽ അദ്ദേഹം സന്തുഷ്ടനായി. സത്സംഗത്തിനു ശേഷം അദ്ദേഹം ഒരു ചെറിയ പ്രഭാഷണം നടത്തി. സഹജമാർഗത്തോടുള്ള നമ്മുടെ സമീപനം വിചിന്തനം ചെയ്യേണ്ട ആവശ്യകതയെ അദ്ദേഹം എടുത്തുപറഞ്ഞു. നമ്മുടെ സംവേദനക്ഷമത വർദ്ധിക്കാൻ നാം പരിശീലനത്തിൽ കൃത്യത പാലിക്കണം. ധ്യാനവും ശുദ്ധീകരണവും ആവശ്യമില്ലാത്ത ഒരു അവസ്ഥയിലേക്ക് നാം പരിണമിക്കേണ്ടതുണ്ട്. "ഞാൻ എല്ലാ ദിവസവും സൂക്ഷ്മരൂപത്തിൽ നിങ്ങളുടെ അരികിലെത്തുന്നു എന്ന് മാസ്റ്റർ പറഞ്ഞിട്ടുണ്ട്", അദ്ദേഹം പറഞ്ഞു . എന്നാൽ സംവേദനക്ഷമത ഇല്ലാത്തതിനാൽ നമുക്കത് അറിയാനാവുന്നില്ല.

ആഗസ്റ്റ് 5–ന് കമലേഷ് ഭായ് സേദം ആശ്രമം സന്ദർശിച്ചു. സോണൽ ഇൻ ചാർജ്ജ് അവിടെ പതിനഞ്ചു മിനിട്ടോളം റിലാക്സേഷനെപ്പറ്റി സംസാരിച്ചു. അതിനുശേഷം അദ്ദേഹം ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു. രാവിലെ 9 മണിക്ക് സത്സംഗം നടത്തി. ചില രൂപരേഖകൾ പരിശോധിക്കുകയും അവ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതിനു ശേഷം അദ്ദേഹം റോഡ് മാർഗം ഹൈദരബാദിലേക്ക് തിരിച്ചു.

## ഹൈദരബാദ്

ഉച്ചയോടെ അദ്ദേഹം കാൻഹ ആശ്രമത്തിലെത്തി. മാസ്റ്റർ പോകുന്ന എല്ലായിടത്തും മഴ അദ്ദേഹത്തെ സ്വാഗതം ചെയ്തു കൊണ്ടിരുന്നു. മാസ്റ്റർ എത്തിയതിനുശേഷം ഉച്ചയോടെ അത് കാൻഹ ആശ്രമത്തിൽ വർഷിക്കുക തന്നെ ചെയ്തു. സത്സംഗത്തിനുശേഷം അദ്ദേഹം ആശ്രമസ്ഥലം പരിശോധിച്ചു

ആഗസ്റ്റ് 6–ന് രാവിലെ 6 മണിക്ക് അദ്ദേഹം ഹൈദരബാദിലുള്ള തുംകുണ്ട ആശ്രമത്തിലേക്ക് പോയി. അവിടെ അദ്ദേഹം പ്രിഫക്ടുമാരുടെ പരിശീലന പരിപാടിയിൽ അദ്ധ്യക്ഷം വഹിച്ചു. 7–ന് അദ്ദേഹം 200 അഭ്യാസികളുള്ള ഒരു പ്രകാശകേന്ദ്രമായ ഭോംഗിർ സന്ദർശിച്ചു. അവിടെ അദ്ദേഹം സത്സംഗം സംഘടിപ്പിക്കുകയും, സംസാരിക്കാൻ ആവശ്യപ്പെട്ടപ്പോൾ സംസാരിക്കാൻ താത്പര്യമുള്ള ഒരു സഹോദരിയെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അവർക്കുശേഷം ധാരാളം അഭ്യാസികൾ അദ്ദേഹത്തോടുള്ള ഹൃദയംഗമായ കൃതജ്ഞത പ്രകടിപ്പിച്ചു. ഓരോ അഭ്യാസിയും സന്തോഷത്തിൽ മതിമറന്നു.

അവസാനം കമലേഷ് ഭായിയോട് സംസാരിക്കാൻ ആവർത്തിച്ച് ആവശ്യപ്പെട്ടപ്പോൾ, ഒരു പ്രിഫക്ടുപോലും ഇല്ലാതെയാണ സെൻറർ ഇത്ര വളർന്നത് എന്നറിഞ്ഞതിൽ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രിഫക്ട് ഇല്ലാതെ തന്നെ അഭ്യാസികൾക്ക് നേരിട്ട് ആരേയും പരിചയപ്പെടുത്താനുള്ള ഒരു രീതി പരീക്ഷണമെന്ന നിലയിൽ അവിടെ തുടങ്ങാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. അവർ ആകെ ചെയ്യേണ്ടത് അടുത്തടുത്തായി ഇരുന്ന് 'പ്ലീസ് സ്റ്റാർട്ട്' എന്ന് പറയുകയും മുപ്പതോ നാൽപ്പതോ മിനിട്ടുകൾക്ക് ശേഷം 'ദാറ്റ്സ് ഓൾ' എന്നു പറയുകയുമാണു. മാസ്റ്ററെ മുൻ കൂട്ടി വിവരമറിയിച്ചിരിക്കണം. എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം തൻെറ മൊബൈൽ നമ്പർ എല്ലാവർക്കും നൽകി ആരെങ്കിലും മിഷനിൽ ചേരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് ഒരാളായാലും 200 പേരായാലും നേരിട്ടോ സന്ദേശത്തിലൂടെയോ അദ്ദേഹത്തെ അറിയിക്കണമെന്നും അവർക്കു വിദൂര സിറ്റിംഗ് നൽകാമെന്നും അദ്ദേഹം പറഞ്ഞു. ഒരു ദിവസം ചുരുങ്ങിയത് 15 സന്ദേശങ്ങളെങ്കിലും പ്രതീക്ഷിക്കുന്നുവെന്ന് പറഞ്ഞു കൊണ്ട് അദ്ദേഹം തനതായ ഒരു ശൈലിയ്ക്ക് തുടക്കം കുറിച്ചു. തെലുങ്കാനയിലെ ഭോംഗിർ സെൻററിനു മാത്രമായാണ് ഇതെന്ന് അദ്ദേഹം സ്പഷ്ടമാക്കുകയും ചെയ്തു. ഉച്ചയോടെ മാസ്റ്റർ തുംകുണ്ട ആശ്രമത്തിലെത്തി, സെമിനാറിൽ പങ്കെടുക്കുന്ന പ്രിസപ്റ്റർമാരെ അദ്ദേഹം അഭിസംബോധന ചെയ്തു. ഗുരുവിനോടുള്ള അർപ്പണ മനോഭാവത്തിൻെറ അഭാവത്തിൽ ഒരു ആത്മീയ പ്രസ്ഥാനം ഉണ്ടാവുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. എല്ലായ്പ്പോഴും മാസ്റ്ററുടെ സാന്നിദ്ധ്യം ഉളവാക്കേണ്ടത് പ്രധാനമാണെന്നും ആ ബന്ധം കൂടാതെ അദ്ദേഹം ആഗ്രഹിച്ചതരത്തിൽ കാര്യങ്ങൾ നടക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

ആഗസ്റ്റ് 8 നാ കമലേഷ് ഭായ് ഒരു ചെറുപ്രഭാഷണം നടത്തി. മാസ്റ്ററുടെ പ്രവർത്തനത്തിൽ പ്രതിരോധമുണ്ടാക്കാതെ പ്രിഫക്ടറുമാർ ഒരു കുഴൽ പോലെ നിലകൊള്ളേണ്ടതിൻെറ





ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. സിറ്റിംഗ് നൽകുമ്പോൾ മാത്രമല്ല, മുഴുവൻ സമയവും പ്രിഫക്ടർമാർ ജോലി ചെയ്യണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. വൈകുന്നേരങ്ങളിൽ അഭ്യാസികൾ കുടുംബാഗങ്ങളോടൊപ്പം സമയം ചിലവിടണമെന്നും അയൽ പക്കത്തെ മുതിർന്നവരുമായി സംവദിക്കണമെന്നും അവരിൽ നിന്നും പലതും പടിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കുടുംബാംഗങ്ങളൊത്തും ചുറ്റുവട്ടത്തുള്ള മറ്റ് മുതിർന്നവരുമൊത്തും അഭ്യാസികൾ സായാഹ്നങ്ങളിൽ സമയം ചിലവഴിക്കാൻ ശ്രമിക്കുകയും അവരിൽ നിന്നും പഠിക്കുവാൻ ശ്രമിക്കുകയും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. പ്രാതലിനുശേഷം 9.30ന് കമലേഷ് ഭായ് കുട്ടികളുമൊത്ത് നടക്കാൻ പോയി. നടന്നു വന്നതിനു ശേഷം, വേദിക് ഗണിത രീതി ഉപയോഗിച്ചുള്ള ചില നുറുങ്ങുവിദ്യകൾ അദ്ദേഹം കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.

ആഗസ്റ്റ് 9, ഞായറാഴ്ച സത്സംഗത്തിനുശേഷം അദ്ദേഹം 'അബുദിയാത്' – അഥവാ – തീർത്തും പ്രാമുഖ്യമില്ലായ്മ എന്ന അവസ്ഥയെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം തുംകുണ്ടയിൽ നിന്നും കാൻഹയിൽ 11 മണിക്ക് എത്തിച്ചേർന്നു. ബാബുജി അനുസ്മരണ മന്ദിരത്തിൽ ഉച്ചയ്ക്ക് 12 മുതൽ 12:45 വരെ ഒരു സത്സംഗം നടത്തി. ഈ സമയത്തുള്ള സിറ്റിംഗ് കൂടുതൽ ഗഹനവും, തരുന്നയാൾ നൽകുന്നതെന്തും സുഗമമായി സ്വീകരിക്കുവാൻ വാങ്ങുന്നവനു സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ സമയത്തു നടത്തുന്ന ഹൃദയനിർഭരം പരിപാടികളും നന്നായി സ്വീകരിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. കുട്ടികൾക്ക് വിശ്രാന്തിക്കായുള്ള പരിശീലനം നൽകണമെന്നും അവരിലൂടെ അത് അവരുടെ മാതാപിതാക്കളിലും കുടുംബാംഗങ്ങളിലും സുഹൃത്തുക്കളിലും എത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## പ്രിസെപ്റ്റർമാരുടെ സമ്മേളനം, ഹൈദരാബാദ്

മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, ഹൈദരാബാദ്, ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള ട്രെയിനർമാർ എന്നിവരടങ്ങുന്ന 350–ഓളം വരുന്ന പ്രിസെപ്റ്റർമാർക്കായി, ആഗസ്റ്റ് 4 മുതൽ 8 വരെ, തുംകുണ്ട ആശ്രമത്തിൽ ഒരു സമ്മേളനം നടന്നു. പ്രിസെപ്റ്റർമാരാവാൻ തയ്യാറെടുക്കുന്ന 102 പേരും ഇതിൽ പങ്കെടുത്തു. മുഴുദിന പരിപാടികൾ രാവിലെ 9 മുതൽ വൈകുന്നേരം 5.30 വരെ നീണ്ടു നിന്നു. ഹൃദയനിർഭരം പരിപാടികളെക്കുറിച്ച് സഹോദരി എലിസബത് ഡെൻലിയും സംഘവും വിശദീകരിച്ചു. പൂജ്യ ചാരിജിയുടെ വിനയം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു പ്രഭാഷണത്തിന്റെ ഡിവിഡിയിലൂടെ പരിപാടി തുടങ്ങുകയും, അതിലൂടെ ഇത്തരം സെഷനുകളിൽ വിനയത്തിന്റെ പ്രാധാന്യം അടിവരയിടുകയും ചെയ്തു. വിശ്രാന്തിക്കുള്ള പരിശീലനം, ഗ്രൂപ് സിറ്റിംഗ്, ശുദ്ധീകരണം, ഹൃദയനിർഭരത്തിന്റെ ഒരു മോക്സെഷൻ എന്നിവയും ഉണ്ടായിരുന്നു.

കമലേഷ് ഭായ് ആഗസ്റ്റ് 6–ന് രാവിലെ തുംകുണ്ടയിൽ എത്തിച്ചേർന്നു. പ്രിസെപ്റ്റർമാർക്കായി അദ്ദേഹം രാവിലെയും വൈകുന്നേരവും സത്സംഗം നടത്തുകയും അവരെ അഭിസംബോധന ചെയ്യുകയും ചെയ്തു. 7–ാം തീയതി അദ്ദേഹം സത്സംഗങ്ങൾ നടത്തുകയും അതിനുശേഷം ചോദ്യോത്തരവേള നടത്തുകയും ചെയ്തു.

അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ:

- ആത്മീയ കാംക്ഷികളായ നാം മതവിശ്വാസികളെ പരിഹസിക്കരുത് എന്തെന്നാൽ ഉണ്മയും സ്വർഗ്ഗീയാനുഭൂതിയും നേടിയവർ നമ്മെ പരിഹസിക്കാറില്ല.
- മതത്തിന്റെ കാതലാണ് ആദ്ധ്യാത്മികത.
- കുറ്റബോധം നിറഞ്ഞ ഹൃദയം ദൈവീകകാരുണ്യം ആകർഷിക്കില്ല. ഒരു പ്രിസെപ്റ്ററെന്ന നിലയിൽ നാമിത് ആദ്യം പരിശീലിക്കണം എന്നാലെ നമുക്ക് അഭ്യാസികളെ ഇതിൽ നിന്നും വിമുക്തരാക്കാൻ സാധിക്കൂ.
- ഉറവിടത്തിൽ നിന്നും വരുന്ന ദൈവകൃപ മടങ്ങി പോകാറില്ല, നാം അത് സ്വീകരിക്കുവാൻ തയ്യാറാകുന്നതു വരെ അത് കാത്തു നിൽക്കുന്നു.
- ശുദ്ധീകരണം ചെയ്യുന്ന വേളയിൽ മുദ്രകൾ പുറത്തുപോവുകയും ദൈവീകത ഉള്ളിൽ വരികയും ചെയ്യുന്നു എന്നു പറയുമ്പോൾ നമുക്ക് ഹൃദയത്തിൽ ആ ദൈവീകത അനുഭവപ്പെടണം.
- ശുദ്ധീകരണം പുന:ക്രമീകരണം പോലെയാണ്, അത് നിങ്ങളെ ഉറവിടത്തിനു സമാനമാവാൻ സഹായിക്കുന്നു; പ്രാർത്ഥന കാര്യക്ഷമമാക്കലും.

ആഗസ്റ്റ് 8–ാം തീയതി രാവിലെ 6.30ന് അദ്ദേഹം പുതുതായി നിയമിച്ച 102 പ്രിസെപ്റ്റർമാർക്ക് അവസാന സിറ്റിംഗ് കോട്ടേജിൽ നിന്ന് നൽകുകയും അവരുടെ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. അവരുമായി അൽപനേരം സംസാരിച്ച അദ്ദേഹം അവരോട് ധൈര്യത്തോടും ശമിക്കാത്ത ആത്മവിശ്വാസത്തോടും കൂടി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു. 9 മണിക്ക് ധ്യാന മന്ദിരത്തിൽ നടത്തിയ സത്സംഗത്തോടു കൂടി ഈ സമ്മേളനം സമാപിച്ചു.







## ഹൃദയനിർഭരം പരിപാടികൾ

### രാജസ്ഥാൻ

ജൂലൈ 12-ന അജ്മീരിലെ റെയിൽവെ ആപ്പീസർമാരുടെ ക്ലബ്ബിൽ ഒരു ധ്യാന പരിശീലന ശിൽപ്പശാല നടത്തി. വടക്കു-പടിഞ്ഞാറൻ റെയിൽവെയിൽ ജോലിചെയ്യുന്ന ഏകദേശം 250 ആപ്പീസർമാരും ജീവനക്കാരും ഇതിൽ പങ്കെടുത്തു. ജൂൺ 18ന അൽവാറിൽ നടത്തിയ പരിപാടിക്കുശേഷം 18 പേർ മിഷനിൽ ചേർന്നു.

### ഹരിയാന

അന്തർദേശീയ യോഗ ദിനമായ ജൂൺ 21-ന ഹിസാറിലെ മഹാരാജ അഗ്രസെൻ മെഡിക്കൽ കോളേജിൽ ധ്യാനിക്കാൻ പഠിക്കുക എന്ന വിഷയത്തെപ്പറ്റി ഒരു പരിപാടി സം ഘടിപ്പിച്ചു. ഈ കോളേജിലെ മാനേജ്മെൻറ്, പ്രൊഫസ്സർമാർ, വിദ്യാർഥികൾ, നഴ്സുമാർ എന്നിവരടങ്ങിയ 140 പേർ പങ്കെടുത്തു. ഡീൻ ഉൾപ്പെടെ പ്രൊഫസ്സർമാരും വിദ്യാർഥികളുമായി 25 പേർ മിഷനിൽ ചേർന്നു.

### ഗുൽബർഗ, കർണാടക

ജൂലൈ 13, 14 തിയതികളിൽ ഗുൽബർഗയിലെ പോലിസ് ട്രെയിനിങ്ങ് കോളെജിൽ നടത്തിയ പരിപാടിയിൽ 157 പേർ പങ്കെടുത്തു. അടുത്ത 8 ദിവസങ്ങളിൽ ഇവിടെ ധ്യാനം തുടർന്നു. ഗുരുകുൽ കോളെജിലെ 150 വിദ്യാർഥികൾക്ക് 13-നവൈകുന്നേരം ക്ലാസുകൾ നടത്തി. 14-നവൈകുന്നേരം പിഡിഎ എഞ്ചിനീയറിംഗ് കോളെജിലെ സ്റ്റാഫിനായി വേറൊരു സെഷൻ നടത്തി.

### മധ്യപ്രദേശ്

ജൂലൈ 11, 12 തിയതികളിൽ ശിവപുരി, ഷൗപുർ, റന്നൊട് എന്നീ സ്ഥലങ്ങളിൽ നടത്തിയ ഹൃദയനിർഭരം പരിപാടികൾ ആദ്ധ്യാത്മികതയിൽ താത്പ്പര്യമുള്ള 190 പേർക്ക് ഗുണകരമായി.

### ഡിൻഡിഗൽ, തമിഴ്നാട്

ഡിൻഡിഗലിനടുത്തുള്ള നിലക്കോട്ടൈ എന്ന സ്ഥലത്തെ വിദ്യാർത്ഥിനികൾക്കായുള്ള ഗവൺമൻറ് ആർട്സ് കോേളജിൽ ജൂൺ 26-ന നടത്തിയ പരിപാടിയിൽ 1500 പങ്കെടുത്തു. അവരെ 3 സംഘങ്ങളായി തിരിച്ച് ധ്യാന പരിശീലനം നൽകി. ആ കോളേജിൽ തന്നെ സത്സംഗം നടത്താൻ അവിടുത്തെ പ്രിൻസിപ്പാൾ അനുവാദം നൽകി.

### മദ്ധ്യ മഹരാഷ്ട്ര

അന്തർദേശീയ യോഗ ദിനത്തിൽ സെൻട്രൽ മഹരാഷ്ട്രയിൽ പല സ്ഥലത്തും ക്ലാസുകൾ നടത്തി. ഔറംഗാബാദിലെ ഗവൺമൻറ് എഞ്ചിനീയറിംഗ് കോളെജിൽ നടത്തിയ പരിപാടിയിൽ അവിടുത്തെ ജീവനക്കാർ, പ്രൊഫസ്സർമാർ, അവരുടെ ജീവിത പങ്കാളികൾ എല്ലാം ചേർന്ന് 100 പേർ പങ്കെടുത്തു. ബുൽധാനയിലെ പങ്കജ് ലഹദ് എഞ്ചിനീയറിംഗ് കോളെജിൽ 70 പേരും, ചിക്കലി ആശ്രമത്തിൽ 22 പേരും, പൈത്താനിലെ പ്രതിസ്ഥൻ കോളെജിൽ 100 പേരും പങ്കെടുത്തു. നാസിക്കിൽ സ്കൂളുകൾ, കോളേജുകൾ, ബാർ കൗൺസിൽ, കോടതി, ആശുപത്രി, റെയിൽവെ ട്രാക്ഷൻ വർക്ഷോപ്, ഗോട്ടി പോലിസ് സ്റ്റേഷൻ എന്നീ സ്ഥലങ്ങളിലെല്ലാം പരിപാടികൾ നടത്തി. ഇവിടെയെല്ലാം ആശ്ചര്യകരമായ പ്രതികരണങ്ങളാണ് ലഭിച്ചത്. ഏകദേശം 1100 പേർ പങ്കെടുത്തു.

### മുംബൈ

അന്തർദേശീയ യോഗ ദിനം ആഘോഷിക്കാനായി ജൂൺ 20, 21 തിയ്യതികളിൽ മുംബൈയിൽ പലയിടത്തും പരിപാടികൾ നടത്തി. അഞ്ച് പരിപാടികളിലായി 1450-ൽ പരം ആളുകൾ പങ്കെടുത്തു. പൻവെൽ ആശ്രമം, വാഷിയിലെ സിഡ്കൊ എക്സിബിഷൻ ഹാൾ, കാന്തിവലിയിലെ പയനിയർ ഹൈസ്കൂൾ, വാഷിയിലെ കർമവീർ ഭവ്റാവു പാട്ടീൽ കോേളജ്, നവി മുംബൈയിലെ റിലയൻസ് ഗ്രൂപ്പിൻെറ കേന്ദ്രകാര്യാലയം എന്നീ സ്ഥലങ്ങളിൽ നടത്തിയ പരിപാടികൾ വഴി പൊതുജനങ്ങൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു.

### ഉത്തർ പ്രദേശ്

ഗാസിയബാദിലെ യുവാക്കൾ ഒന്നിച്ച് ചേർന്ന് അർപ്പിത മനസ്സുള്ള ഒരു കൂട്ടം വളണ്ടിയർമാരെ സൃഷ്ടിച്ചിട്ടുണ്ട്. അവർ ജൂലൈ, ആഗസ്ത് മാസങ്ങളിൽ 7 പരിപാടികൾ നടത്തി. അതിൽ 120 പേർ പങ്കെടുത്തു. അന്തർദേശീയ യോഗ ദിനത്തിൽ അലഹാബാദിലെ പ്രിതംനഗർ വാസികൾക്കായി നടത്തിയ പരിപാടിയിൽ 150 പേർ പങ്കെടുത്തു. ഗ്രാമങ്ങളുമായി ബന്ധപ്പെടുക എന്ന പരിപാടിയുടെ ഭാഗമായി, ആഗസ്റ്റ് 15-ന ഉത്തർ പ്രദേശിലെ കൗശാംബി ജില്ലയിലെ ധാത, ഉധിൻബുജർഗ് എന്നീ ഗ്രാമങ്ങളിൽ പരിപാടികൾ നടത്തി. സ്വാതന്ത്ര്യ ദിന പരിപാടിയിൽ പങ്കെടുത്തിരുന്ന ഒരു സ്കൂളിലെ കുട്ടികളും



ഇതിൽ പങ്കെടുത്തു. അവിടെ ഉണ്ടായിരുന്ന ഗ്രാമീണരിൽ 20 പേർ ഇതിൽ പങ്കെടുത്തു. ആഗ്രയിലെ സൂര്യ നഗരിൽ ജൂലൈ 31-ന ഒരു അഭ്യാസിയുടെ വീട്ടിൽ വച്ചു നടത്തിയ പരിപാടിയിൽ 47 പേർ പങ്കെടുത്തു.

## തെലുങ്കാന

കോതഗുടം കേന്ദ്രത്തിനു സമീപമുള്ള പല കോളെജുകളിൽ ആഗസ്റ്റ് 1, 2 തിയതികളിൽ നടത്തിയ പരിപാടികളിൽ പങ്കെടുത്തവരിൽ 440 പേർ ധ്യാനം തുടർന്ന് പരിശീലിക്കാൻ താത്പ്പര്യം പ്രകടിപ്പിച്ചു. അതിൽ 269 പേർ പ്രാരംഭ സിറ്റിങ്ങുകൾ എടുത്തു. സാതുപ്പള്ളി കേന്ദ്രത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 60 അദ്ധ്യക്ഷന്മാർ പങ്കെടുത്തു. അശ്വപുരം ആശ്രമത്തിൽ നടത്തിയ പരിപാടിയിൽ മനുഗാവിലെ ഹെവി വാട്ടർ പ്ലാൻറിൽ ജോലിചെയ്യുന്ന 70 സിഐഎസ്എഫ് ജീവനക്കാർ പങ്കെടുത്തു.

## പഞ്ചാബ്

ജൂലായ് 7-ന പട്യാലയിലെ എഫ്സിഐയിൽ ജോലിചെയ്യുന്ന 50 ജീവനക്കാർക്ക് പരിപാടി നടത്തി. ധ്യാനത്തെപ്പറ്റി ഹ്രസ്വമായി വിവരിച്ച് കൊടുത്തതിനുശേഷം സത്സംഗം നടത്തി. ധ്യാനത്തെപ്പറ്റി കൂടുതൽ അറിയാൻ അവർ താത്പ്പര്യം കാണിച്ചു.



## ബാംഗ്ലൂർ

ജൂലായ് മുതൽ 23-ൽ പരം പൊതുസദസ്സുകൾ ബാംഗ്ലൂരിൽ നടത്തുകയുണ്ടായി. ഇതിൽ 150 പേർ പങ്കെടുത്തു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിആർഡിഒ, എച്എംടി, സാംസംഗ് മുതലായ 5 സ്ഥാപനങ്ങളിലും പരിപാടികൾ നടത്തി. കരസേനയുടെ പാരച്യൂട് റെജിമൻറ് ട്രെയിനിംഗ് സെൻററിലെ ഭടന്മാർക്ക് നടത്തിയ പരിപാടിക്കു ശേഷം 350 പേർ ധ്യാനം പരിശീലിക്കാൻ താത്പ്പര്യം പ്രകടിപ്പിച്ചു. ആഗസ്റ്റ് 15-ന പല കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിച്ചു. അന്നേ ദിവസം ഏകദേശം 100 പേർ ധ്യാനം പരിശീലിക്കാൻ തുടങ്ങി.

**"ഒരു അഭ്യാസി 36 പുതിയ അഭിലാഷികളെ കൊണ്ടു വരികയും ഒരു പുതിയ സെൻറർ കോളേജിൽ ആരംഭിക്കുകയും ചെയ്തു. നമുക്കും ഇതു സാധിക്കും"**

അടുത്തീയിടെ നടന്ന ബാംഗ്ലൂർ സന്ദർശന വേളയിൽ കമലേഷ് ഭായി സോണൽ ആശ്രമത്തിൽ നടത്തിയ പ്രഭാഷണത്തിൽ, അദ്ദേഹം സഹജമാർഗ പ്രസ്ഥാനത്തിനായി പ്രവർത്തിക്കാൻ ഓരോ അഭ്യാസിയേയും പ്രോത്സാഹിപ്പിക്കുകയും ഹൃദയനിർഭരത്തിലൂടെ സമൂഹത്തിന് മാസ്റ്റർമാർ നൽകുന്ന സന്ദേശങ്ങളേയും ചൂണ്ടികാട്ടി സംസാരിച്ചു. ഇതുൾക്കൊണ്ട് ഒരു വെറ്റിനറി ഡോക്ടറും ഉപന്യാസ രചനയിലെ വളൻറിയറുമായ ഒരു അഭ്യാസി ബാംഗളൂരിൻെറ പ്രാന്തപ്രദേശത്തുള്ള ഒരു കോളേജിനെ സമീപിച്ചു. ആ കോളേജിജിലെ വിദ്യാർത്ഥികളെ ഉപന്യാസ രചന മത്സരത്തിനു പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നതിനിടെ അവരോട് റിലാക്സേഷൻ സമ്പ്രദായത്തെ കുറിച്ച് പറഞ്ഞു. ഏകദേശം 20 കുട്ടികൾ താൽപര്യപ്പെടുകയും ആത്മവിശ്വാസത്തോടെ ചെയ്യുകയും അതിൻെറ ഫലത്തിൽ കുട്ടികൾ ആശ്ചര്യപ്പെടുകയും ചെയ്തു. തുടർന്ന് ധ്യാനത്തിലൂടെ അനുഭവങ്ങളെ അഗാധമാക്കുവാൻ പറയുകയും എല്ലാവരും ഉടനെ സമ്മതിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം പ്രിസപ്റ്ററോട് വിദൂര സിറ്റിംഗ് നൽകുവാൻ പറയുകയും കുട്ടികളോടൊത്ത് ഇരിക്കുകയും ചെയ്തു. അടുത്ത ദിവസവും അദ്ദേഹം കോളേജിൽ പോകുകയും രണ്ടാമത്തെ സിറ്റിംഗ് പ്രിസപ്റ്ററിലൂടെ വിദൂര സിറ്റിംഗായി നൽകുകയും ചെയ്തു. മൂന്നാമത്തെ സിറ്റിംഗിന് പ്രിസപ്റ്റർ നേരിട്ട് കോളെജിലെത്തുകയും കുട്ടികളെ കാണുകയും ചെയ്തു. പ്രിൻസിപ്പാളടക്കം 11 അധ്യാപകർ സന്നദ്ധരായതു കണ്ട് അദ്ദേഹം ആശ്ചര്യപ്പെട്ടു.

ഈ ഒരൊറ്റ അഭ്യാസിയിലൂടെ 36 അഭ്യാസികൾ എല്ലാ ശനിയാഴ്ചയും 1 മണിക്കും 2 മണിക്കും ഇടയിൽ ധ്യാനം ചെയ്യുന്ന ഒരു പുതിയ സെൻറർ അവിടെ ആരംഭിച്ചു. അഭ്യാസിക്കും ഒരു ചെറിയ രീതിയിൽ സഹജ മാർഗ പ്രസ്ഥാനത്തിൽ പങ്കാളിയാകാൻ സാധിച്ചതിൽ സന്തോഷവാനായി.

## പൂജ്യ ചാരിജി മഹരാജിന്റെ 88-ാമത് ജന്മദിന വാർഷികാഘോഷം

നമ്മുടെ പ്രിയപ്പെട്ട ചാരിജി മഹരാജിന്റെ 88-ാമത് ജന്മദിനവാർഷികം തിരുവള്ളൂരിൽ വെച്ച് ഒരു ത്രിദിന ഭണ്ഡാരയായി ആഘോഷിച്ചു. ഭണ്ഡാരയിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന അഭ്യാസികൾ തങ്ങളുടെ സെൻററുകളിൽ ആ ദിവസം ആഘോഷിച്ചു. ഇന്ത്യയിലെ ചില സെൻററുകളിൽ നടന്ന ആഘോഷ പരിപാടികളുടെ ചില ചിത്രങ്ങൾ താഴെ കൊടുക്കുന്നു.











### പുതിയ നിയമനങ്ങൾ

**ആശ്രമം മാനേജർ, അലഹബാദ് സെൻറർ**

കേണൽ എസ്. കെ. ശർമ

**സെൻറർ ഇൻ ചാർജ്, അലഹബാദ്**

പ്രതിമ ശ്രീവാസ്തവ

**സെൻറർ ഇൻ ചാർജ്, ലഖ്നൗ**

പി.കെ. മിശ്ര

**സെൻറർ ഇൻ ചാർജ്, നൽഗോണ്ട**

ടി.ബിക്ഷാം

### പുതിയ അഭ്യാസികൾക്കായുള്ള പരിശീലന പരിപാടി, ഉദയ്പൂർ

ഉദയ്പൂർ സെൻററിൽ ജൂലായ് 5-ന് 25 പുതിയ അഭ്യാസികൾക്കായി ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തി.

അഭ്യാസികളെ ചെറു സംഘമായി തിരിച്ച്, പ്രാർത്ഥന, ധ്യാനം, ശുദ്ധീകരണം, മാസ്റ്റർ, മിഷൻ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തി. അതിനുശേഷം സാധനയെ കുറിച്ച് അവരുടെ സംശയ നിവാരണത്തിനായി ഒരു ചോദ്യോത്തര വേളയുമുണ്ടായിരുന്നു.

'ഹൃദയനിർഭരം' തുടങ്ങിയ മിഷന്റെ പ്രവർത്തന പരിപാടികൾ, വിവിധ മിഷൻ മാസികകൾക്കും, ഇ-പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ അവർക്ക് വിശദീകരിച്ചു. പങ്കെടുത്തവരുടെ പ്രതികരണം വളരെ ഉത്സാഹവും പ്രോത്സാഹനവും നിറഞ്ഞതായിരുന്നു. വൈകീട്ട് നടന്ന ധ്യാനത്തോടെ പരിപാടി സമാപിച്ചു.





## ബിഷ്ണുപൂർ, പശ്ചിമ ബംഗാൾ

ഖരഗ്പൂർ റിട്രീറ്റ് സെൻററിൽനിന്നും ഏകദേശം 70 കി.മി. അകലെയാണ് ബിഷ്ണുപൂർ സെൻർ പ്രവർത്തിക്കുന്നത്. 30 അഭ്യാസികളുമായി രണ്ടര വർഷം മുമ്പാണ് ഈ സെൻറർ പ്രവർത്തനം ആരംഭിച്ചത്. അഭ്യാസികളുടെ എണ്ണത്തിലുള്ള വർദ്ധനയനുസരിച്ച് ഒരു ധ്യാനഹാൾ ആവശ്യമായി തീർന്നു. 800 ച.അടി വിസ്താരമുള്ള, ആവശ്യങ്ങൾക്കനുസരിച്ച് സൗകര്യമുള്ള ഒരു ഹാൾ വാടകക്കെടുത്തു.

ജൂലായ് 12ന് സോണൽ ഇൻ ചാർജ്, സഹോദരൻ അജയ് ഭട്ടർ, നടത്തിയ ഉദ്ഘാടന സത്സംഗത്തിൽ കൽക്കത്തയിനിന്നുള്ള 35 ഓളം പേരുൾപ്പെടെ 75 ഓളം അഭ്യാസികൾ പങ്കെടുത്തു. പരിശീലനത്തിന് ഉത്സുകരായ അഞ്ചു പേർ കൂടി പങ്കെടുത്തു. മാസ്റ്ററോടുള്ള സ്നേഹവും നന്ദിയും അഭ്യാസികളിൽ നിറഞ്ഞു നിന്നു. കമലേഷ് ഭായിയുടെ പ്രഭാഷണം കേൾപ്പിച്ചു. കൂടാതെ ഖരഗ്പൂരിൽനിന്നുള്ള സഹോദരൻ ബൻഷി ബദൻ ബേര, അജയ് ഭട്ടർ തുടങ്ങിയവരും സംസാരിച്ചു. ഈ പുതിയ സെൻറർ ലഭ്യമാക്കുന്ന അവസരം ആദ്ധ്യാത്മിക പരിണാമത്തിനായി വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ അവർ അഭ്യർത്ഥിച്ചു.

## ജോധ്പൂർ, രാജസ്ഥാൻ

ആഗസ്റ്റ് 9-ന് കുട്ടികളും അഭ്യാസികളും കൂടി നിർമ്മിച്ച വിവിധ വസ്തുക്കൾ പ്രദർശിപ്പിച്ചു. രാഖി, കൈ കൊണ്ടു നിർമ്മിച്ച കവറുകൾ, ഉണങ്ങിയ പഴങ്ങൾ നിറക്കുവാനുള്ള മരപ്പെട്ടികൾ, മരം ഉപയോഗിച്ചുള്ള താക്കോൽകൂട്ടം ഹോൾഡർ, തൂവൽ കൊണ്ടുള്ള ആഭരണങ്ങൾ എന്നിവ അവയിൽ ചിലതായിരുന്നു. അഭ്യാസികളിൽനിന്നുള്ള പ്രതികരണം ഉത്സാഹ ഭരിതമായിരുന്നു. ഭാവിയിലും ഇത്തരം സംരംഭങ്ങൾ അവർ പ്രതീക്ഷിക്കുന്നു.

## സോണൽ തല യോഗം, ഹരിയാന

ജൂലായ് 12ന് സോണീപത് ആശ്രമത്തിൽ വെച്ച് ഹരിയാനയിലെ എല്ലാ സെൻററുകളിൽനിന്നുമുള്ള പ്രിഫക്റ്റുമാർ, കോ-ഓർഡിനേറ്റർമാർ, ഫെസിലിറ്റേറ്റർമാർ, വളൻറിയർമാർ, സെൻർ-ഇൻ-ചാർജ് തുടങ്ങിയവർക്കായി ഒരു സോണൽ തല സമ്മേളനം നടന്നു. ഹൃദയനിർഭരം തുടങ്ങിയ പരിപാടികളെ കുറിച്ച് വിലയിരുത്തൽ, ഓരോ സെൻററിലും നടത്തിയ പരിപാടികളുടെ പുരോഗമനം, അത്തരം പരിപാടികളുടെ ആവശ്യകത ഉൾക്കൊള്ളൽ തുടങ്ങിയവ ചർച്ചാ വിഷയമായിരുന്നു.

സോണൽ തലത്തിലും സെൻറർ തലത്തിലും കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കൽ, വിദൂര സിറ്റിങ്ങിൻെറ ആവശ്യം, സെൻററുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എല്ലാം ചർച്ച ചെയ്തു. ഹൃദയനിർഭരം പരിപാടിയുടെ ഓരോ സെൻററിലുമുള്ള പ്രവർത്തനത്തെ കുറിച്ച് സോണൽ ഇൻ ചാർജ്, സഹോദരൻ സത്യ മണ്ഡൽ, വിശദീകരിച്ചു.

## ബീവർ, രാജസ്ഥാൻ

വളൻറിയർമാരുടേയും അഭ്യാസികളുടേയും വളർച്ചക്ക് സഹായകമായ കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് ജൂൺ 1ന് സോണൽ ഇൻ ചാർജ്, സോൺ 7ബി, സഹോദരൻ മധുകർ പിന്നെ രണ്ടു സഹോദരന്മാരും ഹൃദയംഗമമായി സംസാരിച്ചു. ധ്യാനം, പത്തു പ്രമാണങ്ങൾ, മൂല്യാധിഷ്ടിത വിദ്യാഭ്യാസം, യു-കണക്റ്റ്, ഹൃദയനിർഭരം, സ്വഭാവ രൂപീകരണത്തിൻെറ പങ്ക് തുടങ്ങിയവ ചർച്ചാ വിഷയമായി.







## യു–കണക്റ്റ് പരിപാടികൾ

### സിവകാസി, തമിഴ്നാട്

യു–കണക്റ്റിൻെറ ഭാഗമായി സെൽഫ് ഡവലപ്മെൻറ് പ്രോഗ്രാം മെപ്കോ ഷെലങ്ക് എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് ജൂലായ് 1–ന് ഉദ്ഘാടനം ചെയ്തു. ഈ പരിപാടിയിൽനിന്നും ഏകദേശം 250 ഓളം ബിരുദ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കും. പ്രിഫക്റ്റ് ഡോ.ടി. ശെന്തിൽ ഉദ്ഘാടനം ചെയ്തു. അദ്ദേഹം ഈ പരിപാടിയെ കുറിച്ച് ഒരു വിശദീകരണം നൽകി. മൂന്നു മാസക്കാലയളവിൽ 12 ക്ലാസ്സുകൾ ഇതിനായി നടത്തും. 'മൂല്യങ്ങളെ കുറിച്ചുള്ള ധാരണ, പെരുമാറ്റവും മനോഭാവവും', 'മൂല്യങ്ങൾ പ്രയോജനപ്പെടുത്തലും സാർവ്വലൗകിക മൂല്യങ്ങളും', ദൈവം, ജീവാത്മാവ്, യോഗയുടെ ആത്യന്തിക ലക്ഷ്യം, വിവിധ യോഗ രീതികളെ കുറിച്ച് പരിചയപ്പെടുത്തലും യോഗയിൽ മൂല്യങ്ങളുടെ സമന്വയവും, തുടങ്ങിയ വിഷയങ്ങൾ ഇതുവരെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എല്ലാവരും പങ്കെടുത്ത ചർച്ചകൾ, ധ്യാനത്തോടെ അവസാനിച്ചു. വിദ്യാർത്ഥികൾക്ക് സംശയ നിവാരണത്തിന് അവസരം നൽകി.

### സ്വയംസേവകരുടെ ശിൽപശാല, തിരൂർ, കേരളം

ജൂൺ 19 മുതൽ 21 വരെ സ്വയംസേവകർക്കായി ഒരു ത്രിദിന ശിൽപശാല തിരൂർ ആശ്രമത്തിൽ വെച്ച് നടത്തി. സോൺ–3 ബി യിലെ 75 ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

യു–കണക്റ്റ് പരിപാടിയുടെ അവതരണവും ഈ കാര്യത്തിൽ മാസ്റ്റർക്കുള്ള വീക്ഷണം, ഇതിൻെറ ഉള്ളടക്കം, ഇതെങ്ങിനെ പ്രാവർത്തികമാക്കാം തുടങ്ങിയ വിഷയങ്ങളും പാഠ്യ പദ്ധതിയും ചർച്ച ചെയ്തു. യു–കണക്റ്റിൻെറ വിവിധ കർത്തവ്യ നിർവ്വാഹകരും അവരുടെ ഭാഗവും ഇതിൽ വിശദീകരിക്കപ്പെട്ടു. സി–കണക്റ്റ്, ഹൃദയനിർഭരം, കോൺഷ്യസ് ലിവിങ്ങ്, ധ്യാനവും വ്യക്തിഗത വളർച്ചയും തുടങ്ങിയ കാര്യങ്ങളും പ്രതിപാദിക്കപ്പെട്ടു. കൂട്ടായ ചർച്ചകൾക്കു ശേഷം വിവിധ സ്ഥാപനങ്ങളെ സമീപിക്കുന്നതിനായി ഒരു കൂട്ടം സ്വയംസേവകരെ ഓരോ സെൻറർ തലത്തിലും രൂപീകരിക്കുവാൻ തീരുമാനിച്ചു.

ജൂലായ് 5ന് പാലക്കാട് സെൻററിൽ വെച്ച് തിരൂരിൽ നടന്ന പരിപാടിയുടെ തുടർച്ചയായി ഒരു ദിവസം നീണ്ടു നിന്ന പരിപാടി നടത്തി. 75 ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. 16 അംഗങ്ങളുള്ള ഒരു സ്വയംസേവക സംഘം ഉണ്ടാക്കുവാൻ ഈ പരിപാടിയിലൂടെ സഹായകമായി. വൈകീട്ട് സത്സംഗത്തോടെ പരിപാടി അവസാനിച്ചു.

### ജബൽപൂർ യൂത്ത് സെമിനാർ, മദ്ധ്യപ്രദേശ്

'മിഷൻെറ വളർച്ചയിൽ യുവാക്കളുടെ പങ്ക്' എന്ന വിഷയത്തെ അധികരിച്ച് ഒരു ദ്വിദിന പരിപാടി ജൂലായ് 4,5 തിയതികളിൽ ജബൽപൂർ സോണൽ ആശ്രമത്തിൽ വെച്ച് നടത്തി. മിഷനിലെ പുതിയ സംഭവ വികാസങ്ങളെ കുറിച്ച് യുവാക്കളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണിത് നടത്തിയത്. 44 അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടിയിൽ അച്ചടക്കം, അനുസരണ, ധ്യാനം, സമയ ക്രമീകരണം തുടങ്ങിയ വിഷയങ്ങളെ കുറിച്ച് മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളുമുണ്ടായിരുന്നു.

ഹൃദയനിർഭരം, യു–കണക്റ്റ്, ഒമേഗ സയൻസ് ആൻറ് സ്പിരിച്വാലിറ്റി ക്ലബ്, വിസ്പറുകൾ, മൂല്യങ്ങൾ സ്വയം വികസിപ്പിക്കുന്നതെങ്ങിനെ തുടങ്ങിയ വിഷയങ്ങളിലുള്ള ചർച്ചകൾക്കു ശേഷം പരിശീലനത്തെ കുറിച്ച് ചോദ്യോത്തര വേളയുമുണ്ടായിരുന്നു. ഹൃദയനിർഭരം പ്രവർത്തനശാലയോടെ പരിപാടി അവസാനിച്ചു. ഓരോ വിഷയങ്ങളെ കുറിച്ചും മനനം ചെയ്യുവാനും ഡയറി എഴുതുന്നതിനും അവസരം നൽകിയിരുന്നു. യുവാക്കൾ ഉത്സാഹപൂർവ്വം സന്നദ്ധസേവനം നടത്തി. ഈ പരിപാടി അവർക്ക് ഉത്തേജകമായിരുന്നു.





## യോഗാശ്രമം, പാലക്കാട്, കേരളം

## പ്രകാശകേന്ദ്രം






1989 നവമ്പരിൽ പാലക്കാട് ടൗൺ ഹാളിൽ വെച്ച് ഒരു പൊതുസദസ്സ് നടത്തുകയുണ്ടായി. മിഷനെപ്പറ്റി ഒരു അവബോധമുണർത്തുവാൻ ഇതു സഹായിക്കുകയും കുറച്ചു പേർ അഭ്യാസികളാവുകയും ചെയ്തു. 1989 നവമ്പറിൽ പ്രിസപ്റ്റർ സഹോദരൻ രവീന്ദ്രനാഥൻെറ ഗൃഹത്തിൽ ഞായറാഴ്ച സത്സംഗം തുടങ്ങുകയും ചെയ്തു. ക്രമേണ മറ്റു അഭ്യാസികളുടെ വീടുകളിൽ വെച്ച് ബുധനാഴ്ച സത്സംഗവും തുടങ്ങി. അക്കാലത്ത് ഏകദേശം 20 അഭ്യാസികൾ സത്സംഗത്തിൽ സംബന്ധിച്ചിരുന്നു.

വർഷങ്ങൾ കടന്നു പോയപ്പോൾ ഒരു ആശ്രമത്തിൻെറ ആവശ്യകത രൂഢമൂലമാകുകയും പാലക്കാടുനിന്ന് ഏകദേശം 4 കി.മി. ദൂരെ യാക്കരയിൽ ആശ്രമത്തിനായി സ്ഥലം കണ്ടെത്തുകയും ചെയ്തു. 1993ൽ മിഷൻെറ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു. 73.7 സെൻറ് സ്ഥലമാണ് ആശ്രമത്തിനായുള്ളത്. ഇവിടെ 2250 ച.അടി വിസ്തൃതിയുള്ള ഒരു ധ്യാനമന്ദിരം, അടുക്കള, ഭക്ഷണശാല, ശൗചാലയം തുടങ്ങിയവയുണ്ട്.

ചാരിജി മഹരാജ് 1995 സെപ്റ്റമ്പർ 10–ാം തിയതി ഇതിൻെറ തറക്കല്ലിട്ടു. 700 ച.അടി വിസ്തൃതിയുള്ള ഒരു ഹാൾ തുടക്കത്തിൽ നിർമ്മിച്ചു. 2005 വരെ ഈ ഹാളിലാണ് സത്സംഗം നടത്തിയിരുന്നത്. പ്രധാന ധ്യാനമന്ദിരത്തിനായുള്ള നിർമ്മാണപ്രവർത്തനം 2002ൽ തുടങ്ങി 2005ൽ പൂർത്തീകരിച്ചു.ചാരിജി മഹരാജ് 2005 മാർച്ച് 9 ന് പുതിയ ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു. പഴയ ധ്യാനമന്ദിരം ഇപ്പോൾ അടുക്കളയായും ഭക്ഷണശാലയായും ഉപയോഗിക്കുന്നു.

ആശ്രമത്തിനു ചുറ്റും ഭംഗിയേറിയ പുൽത്തകിടിയും ഒരു ചെറിയ ആമ്പൽ കുളവുമുണ്ട്. തെക്കു ഭാഗത്ത് മാവ്, തെങ്ങ് തുടങ്ങിയ മരങ്ങളുണ്ട്. കിണറിൽനിന്നുമാണ് വെള്ളമെടുക്കുന്നത്. യാക്കര പുഴയുടെ തീരത്താണ് ആശ്രമമെന്നതിനാൽ അന്തരീക്ഷം എപ്പോഴും ഇളം കാറ്റിനാൽ ശീതളമായതാണ്. മയിലുകളും ആശ്രമപരിസരത്ത് ധാരാളമായുണ്ട്.

ഇപ്പോൾ, പാലക്കാട് സെൻററിൽ 150 ഓളം അഭ്യാസികൾ പരിശീലനം നടത്തുന്നുണ്ട്. ഞായറാഴ്ച്ചകളിൽ 70 ഓളം പേർ സത്സംഗത്തിൽ പങ്കെടുക്കാറുണ്ട്. എല്ലാ ദിവസവും വൈകുന്നേരം ഇവിടെ സത്സംഗം നടത്തുന്നുണ്ട്. പത്തിരിപ്പാല, ചേർപ്പുളശ്ശേരി, നെന്മാറ, കോങ്ങാട്, കല്ലേപ്പുള്ളി തുടങ്ങിയ സബ് സെൻററുകൾ വളർച്ച പ്രാപിക്കുന്നുണ്ട്.

എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച്ച മുഴു ദിന പരിപാടികൾ നടത്താറുണ്ട്. മിഷൻ വീഡിയോകൾ പ്രദർശിപ്പിക്കുകയും വിവിധ സഹജമാർഗ വിഷയങ്ങളെ അധികരിച്ച് ചർച്ചകൾ നടത്തുകയും ചെയ്യാറുണ്ട്. അഭ്യാസികളുടെ ഉന്നമനത്തെ ലക്ഷ്യമിട്ട് അഭ്യാസി പരിശീലന പരിപാടികളും നടത്താറുണ്ട്. വിവിധ ഭാഗങ്ങളിൽ ഗൃഹസദസ്സുകളും പൊതു സദസ്സുകളും നടത്താറുണ്ട്. എല്ലാ വർഷവും കേരള സോൺ 3ബിയിലെ ഉപന്യാസ മത്സരത്തിൻെറ സമ്മാന വിതരണവും ഇവിടെ വെച്ചാണ് നടത്താറ്. നമ്മുടെ മാസ്റ്റർമാരുടെ വീക്ഷണം കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ആവശ്യമായ പരിപാടികളുമായി ഈ സെൻറർ മുന്നോട്ട് പോകുന്നു.



To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.